GOVERNMENT OF KERALA

നം. 631703/ജെ2/16/പൊ.വി.വ.

പൊതു വിദ്യാഭ്യാസ ( ജെ ) വകുപ്പ്,
തിരുവനന്തപുരം , തീയതി. 01/08/2016.

## പരിപത്രം

വിഷയം :- പൊതു വിദ്യാഭ്യാസം- തസ്തിക നിർണ്ണയം - അൺ എക്കണോമിക്സ്കൂളുകളിലെ നിയമനാംഗീകാരം - സംബന്ധിച്ച്.

സൂചന :- സർക്കുലർ നം. 58604/ജെ2/2012/പൊ.വി.വ. തീയതി. 06/11/2012.

( 2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30/05/2016 ലെ എച്ച് 2/25700/2015/ഡി.പി.ഐ. നമ്പർ കത്ത്.

.................

സൂചന (1 ) ലെ സർക്കുലർ പ്രകാരം അനാദായകരമായ സ്കൂളുകളിൽ 2011-2012 വർഷം മുതൽ അദ്ധ്യാപക നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നടത്താവുന്നതാണെന്നും പ്രസ്തുത സ്കൂളുകളിൽ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള നിരക്കിൽ കുട്ടികൾ ഉണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുന പരിശോധിച്ച് ശമ്പളനിരക്കിൽ അംഗീകരിച്ചു നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

സൂചന (2) പ്രകാരം ഇപ്രകാരമുള്ള നിയമനാംഗീകാരം പുന:പരിശോധിക്കുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിർവ്വഹിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ള സാഹചര്യം പൊതു വിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ളതിനാൽ അൺ എക്കണോമിക് സ്കൂളുകളിലെ ശമ്പളനിരക്കിന് അർഹതയുള്ള എൽ.പി/യു.പി എന്നീ വിഭാഗങ്ങളിലെ ദിവസവേതനാടിസ്ഥാനത്തിൽ നൽകിയിട്ടുള്ള അദ്ധ്യാപക നിയമനങ്ങൾ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ നിയമനാംഗീകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാരും പുന:പരിശോധിച്ച് റെഗുലർ ശമ്പളസ്കെയിലിൽ നിലവിലുള്ള

ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ (ഗുണഭോക്താക്കൾ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ) നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത നിയമനങ്ങൾ സൂപ്പർ ചെക്ക് ഓഫീസറുടെ നിശ്ചിത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

ആർ. കുമാർ

സ്പെഷ്യൽ സെക്രട്ടറി.

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

   } പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/(ആഡിറ്റ്), കേരളം,തിരുവനന്തപുരം
6. ഡയറക്ടർ,ഐ.ടി@ സ്കൂൾ, തിരുവനന്തപുരം
7. ഡയറക്ടർ,വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. പൊതുവിദ്യാഭ്യാസവകുപ്പിലെ എല്ലാ ഓഫിസർ മാർക്കും, സെക്ഷനുകൾക്കും
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ആഫീസർ